**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4078** **17-03-2025 - ൽ മറുപടിയ്ക്ക്**

**വിമുക്തി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. ചാണ്ടി ഉമ്മൻ, ശ്രീമതി കെ. കെ. രമ** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് നഗരത്തിലെ പ്രധാന വിദ്യാലയത്തിൽ പത്താം ക്ലാസിലെ യാത്രയയപ്പിന് ലഹരിപാർട്ടിയടക്കമുള്ള സംഭവങ്ങൾ ഉണ്ടായത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഗൗരവമായി കാണുന്നുണ്ട്. ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി ബോധവൽക്കരണ പരിപാടികൾ നടത്തുകയും സ്കൂൾ പരിസരത്ത് നിരന്തരമായി നിരീക്ഷണവും പരിശോധനയും നടത്തി വരികയും ചെയ്യുന്നു. കുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നതിനായി എക്സൈസ് ജീവനക്കാരിൽ രണ്ടുപേരെ മെന്റർമാരായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്കൂളുകളിലെ ജാഗ്രതാ സമിതികളിൽ പങ്കെടുത്ത് എക്സൈസ് വകുപ്പ് ക്രിയാത്മക ഇടപെടലുകൾ നടത്തി വരുന്നുണ്ട്. |
| (ബി) | വിമുക്തി പദ്ധതിക്ക് ജില്ലകളിൽ കോ-ഓർഡിനേറ്റർമാർ ഇല്ലാത്ത സാഹചര്യം നിലവിലുണ്ടോ; ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | വിമുക്തി പദ്ധതിയ്ക്ക് ജില്ലകളിൽ വിമുക്തി കോ-ഓർഡിനേറ്റർമാരുടെ സേവനം വിനിയോഗിച്ച് വരുന്നു. കോ-ഓർഡിനേറ്റർ താല്ക്കാലിക തസ്തികകളുടെ കാലാവധി 7-2-2025-ൽ അവസാനിച്ചിട്ടുണ്ട്. ടി താല്ക്കാലിക തസ്തികകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ